ജില്ലാ പദ്ധതി സംയോജന പ്രോജക്ട്

# ജലരക്ഷ ജീവരക്ഷ

# ബ്ലൂ ആർമി

## രൂപീകരണവും പ്രവർത്തന പരിപാടികളും

ജില്ലാ ആസൂത്രണ സമിതി , തൃശ്ശൂർ

## 1. ആമുഖം

തൃശ്ശൂർ ജില്ല ദേശീയ തലത്തിൽ അതീവ വരൾച്ചയനുഭവിക്കുന്ന ജില്ലകളുടെ പട്ടികയിൽ ആറാമതായി ഇടം പിടിച്ചിരിക്കുന്നു. ഓരോ തുള്ളി ജലവും മാത്രയറിഞ്ഞ് സംരക്ഷിക്കേണ്ട വലിയ ഉത്തരവാദിത്വം നമ്മളിൽ നിക്ഷിപ്തമാണ്. ആറുതുള്ളി ചേർന്നാൽ ഒരു മില്ലിലിറ്ററും, ആയിരം മില്ലിലിറ്റർ ചേർന്നാൽ ഒരു ലിറ്റർ എന്ന സത്യം, പാഴായിപോകുന്ന ഓരോതുള്ളി ജലത്തിന്റെയും പ്രസക്തിയും പ്രാധാന്യവും, അത് സംരക്ഷിക്കേണ്ട ഉത്തരവാദിത്വവും ചൂണ്ടിക്കാണിക്കുന്നു. ഇത്തരത്തിൽ ജലത്തിന്റെ ഒരളവുബോധം ഉൾകൊണ്ട് വരും തലമുറയെ കാര്യക്ഷമമായ ജലവിനിയോഗത്തിനും ഊർജ്ജിതമായ ജലസംരക്ഷണത്തിനും സജ്ജമാക്കേണ്ടത് അനിവാര്യമായ ചുമതലയായി കാണേണ്ടതുണ്ട്.

സമഗ്രമായ ജലസംരക്ഷണ പ്രവർത്തനങ്ങളിലൂടെ ജില്ലയിൽ കാർഷികാവശ്യത്തിനും കുടിക്കുന്നതിനുമുള്ള ശുദ്ധജലലഭ്യത ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെ തൃശ്ശൂർ ജില്ലാ പദ്ധതി വിഭാവനം ചെയ്ത് സംസ്ഥാന വികസന കൗൺസിൽ അംഗീകരിച്ച 'ജലരക്ഷ ജീവരക്ഷ' എന്ന സംയോജിത പ്രോജക്ടിന്റെ സമഗ്രമായ നടത്തിപ്പിൽ ജില്ലയിലെ വിദ്യാർത്ഥി സമൂഹത്തിന്റെ മുഴുവൻ പങ്കാളിത്തം ഉറപ്പുവരുത്തുക എന്നതാണ് ബ്ലൂ ആർമി ലക്ഷ്യമിടുന്നത്.

ശുദ്ധജലത്തിന്റെ പ്രാധാന്യം ഉൾക്കൊണ്ട് ജലസംരക്ഷണത്തിനും, ജലവിനിയോഗത്തിനും അർഹിക്കുന്ന പരിഗണന നൽകി ജലസാക്ഷരത വിദ്യാർത്ഥികളിൽ ഊട്ടിയുറപ്പിച്ച് പുതിയ ഒരു ജല വിനിയോഗ സംരക്ഷണ സംസ്കാരം വിദ്യാർത്ഥികളിൽ വളർത്തിയെടുക്കാനുള്ള ചിട്ടയായ പ്രവർത്തനങ്ങളാണ് ബ്ലൂ ആർമി വിവക്ഷിക്കുന്നത്. ശുദ്ധജലലഭ്യത ഉറപ്പുവരുത്തി ജലജന്യ രോഗങ്ങളിൽ നിന്നും സമൂഹത്തെ രക്ഷിക്കുന്നതിനും ശുചിത്വ പാലനത്തിലൂടെയും മാലിന്യനിർമ്മാർജ്ജനപ്രവർത്തനങ്ങളിലുടെയും ആരോഗ്യമുള്ള തലമുറയെ വാർത്തെടുക്കുക എന്നതാണ് ബ്ലൂ ആർമിയിലൂടെ ലക്ഷ്യമിടുന്നത്.

## 2. രൂപീകരണ ചുമതല

ജില്ലയിലുള്ള എല്ലാ സ്കൂളുകളിലും ബ്ലൂ ആർമികൾ രൂപീകരിച്ച് ജലസംരക്ഷണ പ്രവർത്തനങ്ങളുടെയും ജലസാക്ഷരതയുടെയും സന്ദേശങ്ങൾ വിദ്യാർത്ഥികളിലും പൊതുജനങ്ങളിലും എത്തിക്കേണ്ടതാണ്. ബ്ലൂ ആർമിയുടെ രൂപീകരണം, പ്രവർത്തനങ്ങളുടെ ഏകോപനം, അവലോകനം എന്നിവ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറുടെ നേതൃത്വത്തിൽ നടപ്പിലാക്കേണ്ടതാണ്. ജില്ലാ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ പ്രത്യേക സർക്കുലറിലൂടെ ബ്ലൂ ആർമി രൂപീകരണത്തിനുള്ള നിർദ്ദേശങ്ങൾ ജില്ലയിലെ എല്ലാ സ്കൂളുകൾക്കും നൽകേണ്ടതും, എല്ലാ സ്കൂളുകളിലും രൂപീകരണം ഉറപ്പുവരുത്തേണ്ടതുമാണ്. ഇക്കാര്യത്തിൽ തദ്ദേശഭരണ സ്ഥാപന അദ്ധ്യക്ഷന്മാരുടെയും സെക്രട്ടറിമാരുടെയും സഹായം അഭ്യർത്ഥിക്കാവുന്നതാണ്. ജൂലായ് 15 നകം ജില്ലയിലെ എല്ലാ സ്കൂളുകളിലും ബ്ലൂ ആർമി രൂപീകരണം പൂർത്തീകരിക്കേണ്ടതാണ്. ബ്ലൂ ആർമിയുടെ പ്രവർത്തനങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ ജില്ലാ വികസന സമിതിയിൽ റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

# 3. ബ്ലൂ ആർമിയുടെ ഘടന

ജില്ലാ പദ്ധതി വിഭാവനം ചെയ്യുന്ന ജലരക്ഷ ജീവരക്ഷ എന്ന സംയുക്ത പ്രോജക്ടിന്റെ ഭാഗമായി ജലസംരക്ഷണ പ്രവർത്തന സംസ്കാരം താഴെത്തട്ടിൽ നിന്നും വളർത്തുന്നതിനായി ജില്ലയിലെ എല്ലാ വിദ്യാലയങ്ങളിലും രൂപീകരിക്കുന്ന വാട്ടർ ക്ലബാണ് 'ബ്ലൂ ആർമി'. ബ്ലൂ ആർമി ജില്ലാതല ബ്ലൂ ആർമി ഉന്നതാധികാര സമിതി, ബ്ലൂ ആർമി സ്കൂൾതല ജലരക്ഷ സമിതി, ക്ലാസ്സ്തല ബ്ലൂ ആർമി യൂണിറ്റ് എന്നിങ്ങനെയുളള ത്രിതല സംഘടന സംവിധാനത്തിലൂടെ പ്രവർത്തിക്കുന്നതാണ്. ബ്ലൂ ആർമിയുടെ ഘടന താഴെ പറയുന്ന വിധമായിരിക്കണം. വനിത പ്രാതിനിധ്യം പരിഗണിക്കേണ്ടതാണ്.

**1. ബ്ലൂ ആർമി ജില്ലാ തല ഉന്നതാധികാര സമിതി.**

സ്കൂൾ തലത്തിലും, ക്ലാസ് തലത്തിലുമുള്ള ബ്ലൂ ആർമി പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും, നവീന നിർദ്ദേശങ്ങൾ നൽകുന്നതിനും, ബ്ലൂ ആർമി പ്രവർത്തന മികവിനുള്ള പുരസ്ക്കാരങ്ങൾ നിർണ്ണയിക്കൽ എന്നിവയുടെ മേൽ നോട്ടത്തിനായി ജില്ലാ തലത്തിൽ താഴെ പറയുന്ന ഘടനയോടുകൂടിയ ബ്ലൂ ആർമി ജില്ലാതല ഉന്നതാധികാര സമിതി ഉണ്ടായിരിക്കുന്നതാണ്.

| | | |
|---|---|---|
| ചെയർ പേഴ്സൺ | : | ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് |
| വൈസ് ചെയർപേഴ്സൺ | : | വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ, ജില്ലാ പഞ്ചായത്ത്, തൃശ്ശൂർ |
| ചീഫ് കോർഡിനേറ്റർ | : | ജില്ലാ കളക്ടർ, തൃശ്ശൂർ |
| ജോയിന്റ് കോർഡിനേറ്റർമാർ | : | 1. വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ<br>2. ഡെ ഡയറക്ടർ, കോളേജിയറ്റ് വിദ്യാഭ്യാസം<br>3. വി.എച്ച്. എസ്.സി, ജില്ലാതല ഉദ്യോസ്ഥർ<br>4. എച്ച് എസ്. എസ് ജില്ലാതല ഉദ്യോഗസ്ഥർ |
| അംഗങ്ങൾ | : | 1. പ്രിൻസിപ്പൽ നവോദയ<br>2. പ്രിൻസിപ്പൽ, കേന്ദ്രീയവിദ്യാലയം<br>3. എൻ.സി.സി., ജില്ലാ ഓഫീസർ<br>4. എൻ.എസ്.എസ്, ജില്ലാ ഓഫീസർ<br>5. സ്കൗട്ട്സ് & ഗൈഡ്സ്, ജില്ലാതല ഓഫീസർ<br>6. സ്റ്റുഡന്റ് പോലീസ് കേഡറ്റ് ജില്ലാ കോർഡിനേറ്റർ<br>7. സഹോദയ - പ്രതിനിധി<br>8. ജില്ലാ ഇൻഫർമേഷൻ ഓഫീസർ<br>9. സെക്രട്ടറി, പ്രസ്സ് ക്ലബ്, തൃശ്ശൂർ |

മേൽ അംഗങ്ങൾക്കു പുറമെ ജലരക്ഷ ജീവരക്ഷ ജില്ലാതല ടാസ്ക് ഫോഴ്സിലെ അംഗങ്ങൾ ജില്ലാതല ഉന്നതാധികാര സമിതിയിലെ പ്രത്യേക ക്ഷണിതാക്കളായിരിക്കും

## 2. ബ്ലൂ ആർമി സ്കൂൾതല ജലരക്ഷാ സമിതി

| | | |
|---|---|---|
| രക്ഷാധികാരി | : | വാർഡ് മെമ്പർ |
| ചെയർപേഴ്സൺ | : | മാനേജർ / പി.ടി.എ പ്രസിഡന്റ് |
| ചീഫ് കോർഡിനേറ്റർ | : | ഹെഡ്മാസ്റ്റർ/പ്രിൻസിപ്പൽ |
| ജോയിന്റ് കോർഡിനേറ്റർ | : | അദ്ധ്യാപകർ |
| അംഗങ്ങൾ | : | 1. സ്കൂൾ ബ്ലൂ ആർമി ക്യാപ്റ്റൻ |

2. വിവിധ സ്കൂൾ ക്ലബുകളുടെ കൺവീനറായ അദ്ധ്യാപകർ (ചുരുങ്ങിയത് 5 പേർ)
3. പി.ടി.എ പ്രതിനിധി - 1
4. എം.പി.ടി.എ പ്രതിനിധി - 1
5. പൂർവ്വവിദ്യാർത്ഥി സംഘടനാ പ്രതിനിധികൾ (ചുരുങ്ങിയത് 2 പേർ)
6. സാസ്ക്കാരിക സംഘടന പ്രതിനിധികൾ (ചുരുങ്ങിയത് 2 പേർ)
7. സന്നദ്ധ പ്രവർത്തകർ (ചുരുങ്ങിയത് 2 പേർ)
8. എല്ലാ ക്ലാസ്സിലെയും ബ്ലൂ ആർമി ക്ലാസ്സ് കോർഡിനേറ്റർമാർ
9. എൻ.എസ്.എസ്. കോർഡിനേറ്റർ
10. എൻ.സി.സി കോർഡിനേറ്റർ
11. സ്കൗട്ട്സ് കോർഡിനേറ്റർ
12. എസ്.പി.സി കോർഡിനേറ്റർ

വൊക്കേഷണൽ ഹയർ സെക്കന്ററി തലത്തിൽ പ്രത്യേകം സ്കൂൾതല ജലരക്ഷാ സമിതികൾ രൂപീകരിക്കേണ്ടതാണ്.

സ്കൂൾ തല രക്ഷാസമിതി രണ്ടുമാസത്തിലൊരിക്കൽ യോഗം ചേരേണ്ടതും, സ്കൂളിലും പരിസര പ്രദേശങ്ങളിലും ജലസംരക്ഷണ പ്രവർത്തനങ്ങൾ ചർച്ച ചെയ്യുകയും, ക്ലാസ്തല ബ്ലൂ ആർമിയുടെ പ്രവർത്തനങ്ങൾ ഏകോപ്പിക്കുകയും ചെയ്യേണ്ടതാണ്. ക്ലാസ്സ് തല ബ്ലൂ ആർമിയുടെ പ്രവർത്തനങ്ങൾ അവലോകനം നടത്തി പ്രവർത്തന മികവിനുതകുന്ന നിർദ്ദേശങ്ങളും, പുതിയ ആശയങ്ങളും നൽകേണ്ടതാണ്. ക്ലാസ് തല ബ്ലൂ ആർമിയുടെ പ്രവർത്തനങ്ങൾക്ക് ആവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഒരുക്കുന്നതിനും, സ്കൂളുകളിലും പരിസര പ്രദേശങ്ങളിലും ജല സാക്ഷരത സന്ദേശങ്ങൾ പ്രചരിപ്പിക്കുന്നതിനും സ്കൂൾതല ബ്ലൂ ആർമി മുൻകൈ എടുക്കേണ്ടതാണ്. ബ്ലൂ ആർമിയുടെ പ്രവർത്തനങ്ങൾക്ക് തദ്ദേശഭരണ സ്ഥാപനങ്ങളുടെ സഹായം ലഭ്യമാക്കുന്നതിനുവേണ്ട നടപടികൾ കൈകൊള്ളേണ്ടതും സ്കൂൾതല ജലരക്ഷാ സമിതിയുടെ ചുമതലയാണ്.

**3. ക്ലാസ് തല ബ്ലൂ ആർമി യൂണിറ്റുകൾ.**

| | | |
|---|---|---|
| രക്ഷാധികാരി | : | ക്ലാസ്സ് ടീച്ചർ |
| ക്ലാസ്സ് ബ്ലൂ ആർമി ക്യാപ്റ്റൻ | : | ക്ലാസ്സ് ലീഡർ (അഭികാമ്യം) |
| ബ്ലൂ ആർമി കേഡറ്റുമാർ | : | 5 പേർ ( ജലസംരക്ഷണ പ്രവർത്തനങ്ങളിൽ മികച്ച പ്രവർത്തനങ്ങൾ നടത്തുന്ന വിദ്യാർത്ഥികൾ) |
| അംഗങ്ങൾ | : | ക്ലാസ്സിലെ എല്ലാ വിദ്യാർത്ഥികളും |

## 4. ക്ലാസ്സ് തല ബ്ലൂ ആർമി യൂണിറ്റിന്റെ പ്രവർത്തനങ്ങൾ

എല്ലാ ക്ലാസ് തല ബ്ലൂ ആർമി യൂണിറ്റുകളും ഓരോ മാസത്തിലെയും അവസാനത്തെ പ്രവൃത്തി ദിനത്തിൽ ക്ലാസ്സ് രക്ഷാധികാരിയായ ക്ലാസ്സ് ടീച്ചറുടെ നേതൃത്വത്തിൽ യോഗം ചേർന്ന് താഴെപറയുന്ന ജലസംരക്ഷണ സാക്ഷരത പ്രവർത്തനങ്ങൾ നടപ്പിലാക്കേണ്ടതാണ്.

**1. ജലസംരക്ഷണവും ജല സാക്ഷരതയുമായി ബന്ധപ്പെട്ട കലാവതരണങ്ങൾ**

യൂണിറ്റ് യോഗങ്ങളിൽ ജലസംരക്ഷണവുമായി ബന്ധപ്പെട്ട കലാ അവതരണങ്ങൾ നടത്താവുന്നതാണ്. കവിതകൾ, ചിത്രങ്ങൾ, കഥകൾ, പ്രഭാഷണങ്ങൾ ജലം പ്രമേയമാക്കുന്ന മറ്റു കലാരൂപങ്ങൾ അവതരിപ്പിക്കാവുന്നതാണ്.

**2. ജലസംരക്ഷണ ചർച്ചകൾ**

ജലവുമായി ബന്ധപ്പെട്ടുള്ള വിഷയങ്ങളായ മഴ, പുഴ, വനം, പരിസ്ഥിതി, ജൈവ കൃഷി, ശുചിത്വം, മഴവെള്ളകൊയ്ത്ത്, ജലപരിശോധന, ജലജന്യരോഗങ്ങൾ, വെള്ളം കുടിക്കാത്തുകൊണ്ടുള്ള/നിർജലീകരണ അസ്വാസ്ഥ്യങ്ങൾ, ജലബഡ്ജറ്റ്, വിവിധ മേളകളിലേയക്ക് പ്രോജക്ടുകൾ, അവബോധ ക്ലാസ്സുകൾ, വരൾച്ച, വെള്ളപൊക്കം, പ്രകൃതി ദുരന്തങ്ങൾ, ജലസേചനം, കിണർ ശുചികരണം, ജലശുദ്ധീകരണം, പരിസ്ഥിത സൗഹൃദ ഉൽപന്നങ്ങൾ, ഗ്രീൻ പ്രോട്ടോകോൾ, ജലസംരക്ഷണം, നീരറിവ് (വെള്ളത്തിന്റെ നാട്ടറിവുകൾ) ആഗോളതാപനം, പഠന യാത്രകൾ, അനുഭവങ്ങൾ പങ്കുവെയ്ക്കൽ അസൈൻമെന്റ് തുടങ്ങിയവ സ്കൂളിന്റെയും വിദ്യാർത്ഥികളുടെ താമസസ്ഥലത്തിന്റെ പശ്ചാത്തലത്തിൽ ചർച്ച ചെയ്ത് ആശയങ്ങളും നിർദ്ദേശങ്ങളും ഓരോരുത്തരിൽ നിന്നും തേടാവുന്നതാണ്.

**3. മത്സരങ്ങൾ**

ജലസംരക്ഷണവും, ജലസാക്ഷരതയും മുൻ നിറുത്തികൊണ്ടുള്ള കഥ, ഉപന്യാസം, കവിത, ചിത്രരചന, റിപ്പോർട്ടുകൾ തയ്യാറാക്കൽ, ഷോർട്ട് ഫിലിം എന്നിവയുടെ മത്സരങ്ങൾ ക്ലാസ്സ്തലത്തിൽ നടത്തുകയും വിജയികൾക്ക് സ്കൂൾതലത്തിൽ പങ്കെടുക്കാവുന്നതുമാണ്.

**4. ജല സംരക്ഷണ പ്രവർത്തങ്ങൾ**

സ്കൂളിലും പരിസരങ്ങളിലും ജലസംരക്ഷണ പ്രവർത്തനങ്ങൾക്ക് ബ്ലൂ ആർമിക്ക് നേതൃത്വം നൽകാവുന്നതാണ്. മഴക്കുഴികളുടെ നിർമ്മാണം, സ്കൂൾ മഴവെള്ള സംഭരണികൾ, കിണർ റീചാർജ്ജിംഗ് എന്നിവയും നിർമ്മാണവും. ജലവിനിയോഗത്തിൽ

മിതത്വം പാലിക്കുന്നതിനുള്ള സംവിധാനങ്ങൾ പ്രചരിപ്പിക്കുകയും പ്രായോഗിക മാക്കുകയും ചെയ്യുക.

**5. പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങൾ**

ജലസംരക്ഷണം മുൻനിർത്തി പരമാവധി ജലം മണ്ണിലേക്ക് ആഴ്ന്നിറക്കുന്ന തിനും, മണ്ണൊലിപ്പ് തടയുന്നതിനും സ്കൂൾ പരിസരത്ത് മരങ്ങൾ നട്ടുവളർത്തലും, പരിപാലനവും, കൂടാതെ സ്കൂളിലും പരിസര പ്രദേശത്തും സാധ്യമായ പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങൾ തദ്ദേശഭരണ സ്ഥാപനത്തിനും, സ്കൂൾതല ജലരക്ഷ സമിതിക്ക് റിപ്പോർട്ട് ചെയ്യൽ.

**6. ശുചിത്വ പ്രവർത്തനങ്ങൾ**

സ്കൂളും പരിസരവും വൃത്തിയാക്കി സൂക്ഷിക്കുന്നതിനും, ശുദ്ധമായ ജലലഭ്യത ഉറപ്പുവരുത്തുന്നതിനും വേണ്ടിയുള്ള ക്ലീൻ സ്കൂൾ ഡെ ആചരണം.

**7. ദിനാചരണങ്ങൾ**

ജലവും പരിസ്ഥിതിയുമായി ബന്ധപ്പെട്ട ദിനാചരണങ്ങൾ ശ്രദ്ധേയമായ രീതിയിൽ കൊണ്ടാടുന്നതിന് ബ്ലൂ ആർമിക്ക് നേതൃത്വം നൽകാവുന്നതാണ്. ദിവസത്തിന്റെ പ്രാധാന്യം എല്ലാ വിദ്യാർത്ഥികളിലും അറിയിക്കുന്നതിനുള്ള പ്രചാരണ പ്രവർത്തനങ്ങൾ നടത്താവുന്നതാണ്.

**8. ഗ്രീൻ പ്രോട്ടോകോൾ**

ഗ്രീൻ പ്രോട്ടോകോൾ പ്രകാരം പ്രകൃതി സൗഹൃദ ഉല്പന്നങ്ങളുടെ, ഉപയോഗവും വ്യാപനവും, പുനരുപയോഗ സാധ്യതയുള്ള വസ്തുക്കളുടെ ഉപയോഗം കൂട്ടി പരിസ്ഥിത ിയ്ക്ക് ദോഷം ചെയ്യുന്ന പ്ലാസ്റ്റിക് പോലുള്ളവയും വർജ്ജിക്കുന്നതിനും, ഉപയോഗം കുറയ്ക്കുന്നതിനുമുള്ള ശ്രമങ്ങൾ സ്കൂളിലും അതുവഴി വീടുകളിലും നടപ്പിലാക്കാം.

**9. ജലശുദ്ധി പരിശോധന**

സ്കൂളിൽ ലഭ്യമാകുന്ന ജലത്തിന്റെ പരിശോധനയിലൂടെ ശുദ്ധജലലഭ്യത ഉറപ്പുവ രുത്തുകയും, ജലപരിശോധന സംവിധാനങ്ങൾ ഹയർ സെക്കന്ററി സ്കൂൾ തലത്തിൽ സംഘടിപ്പിച്ച് സ്കൂളിലെയും പരിസര പ്രദേശങ്ങളിലെയും ജലശുദ്ധി പരിശോധിക്കാ വുന്നതും, നല്ല വെള്ളം ലഭ്യമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ അധികാരികളോട് ആവശ്യപ്പെടാവുന്നതുമാണ്.

**10. വാട്ടർ ഓഡിറ്റിംഗ്**

നിലവിൽ സ്കൂളിലെയും പരിസര പ്രദേശങ്ങളിലെയും ജലലഭ്യതയുടെ ഉറവിടങ്ങൾ (തുറസ്സായ കിണറുകൾ, കുഴൽകിണറുകൾ, കുളങ്ങൾ, പൊതുജല സംഭരണികൾ) ജലലഭ്യതയുടെ അളവ് എന്നിവ അടിസ്ഥാന പരമായി നിർണ്ണയിക്കാവുന്നതാണ്. ആയത് ഓരോ മാസവും രേഖപ്പെടുത്തി വ്യതിയാനം മനസ്സിലാക്കാവുന്നതും, വരും വർഷങ്ങ ളിൽ ബ്ലൂ ആർമിയുടെ ഇടപെടൽ മൂലമുണ്ടായ മാറ്റം രേഖപ്പെടുത്തി പുരോഗതി നിർണ്ണയിക്കാവുന്നതുമാണ്. ജലശുദ്ധി പരിശോധനയും, വാട്ടർ ഓഡിറ്റിംഗും ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനത്തിന്റെ പങ്കാളിത്തത്തോടെ ഏറ്റെടുത്ത് നടപ്പിലാക്കാവുന്നതാണ്.

**11 നിയമാവബോധ ചർച്ച**

ജലവിനിയോഗവും സംരക്ഷണവുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന നിയമങ്ങളെ പറ്റിയുള്ള ചർച്ചകളും ക്ലാസ്സുകളും സംഘടിപ്പിക്കാവുന്നതാണ്.

**12. ഡോക്യമെന്റേഷൻ**

സ്കൂളിലും പരിസരത്തുമുള്ള പരിസ്ഥിതിയും, ജലവുമായി ബന്ധപ്പെട്ട വാർത്തകൾ, റിപ്പോർട്ടുകൾ, ഫോട്ടോകൾ, വിഡിയോകൾ എന്നിവ മത്സരാടിസ്ഥാനത്തിൽ തയ്യാറാക്കാവുന്നതും, ആയത് സ്കൂൾ തലത്തിലും, തദ്ദേശഭരണ തലത്തിലും പ്രദർശിപ്പിക്കാവുന്നതുമാണ്, ജില്ലാതലത്തിൽ സംഘടിപ്പിക്കുന്ന പ്രദർശനത്തിലും മത്സരങ്ങളിലും ഈ ഡോക്യുമെന്റുകൾ പരിഗണിക്കാവുന്നതാണ്.

**13. സ്കൂൾ ക്ലബുകളുടെ പ്രവർത്തനങ്ങളുടെ ഏകോപനം**

സ്കൂളിൽ നിലവിലുള്ള വിവിധ ക്ലബുകളുടെയും, എൻ.എസ്.എസ്, എസ്.പി.സി., എൻ.സി.സി, സ്കൗട്ട്സ് എന്നിവയുടെ പ്രവർത്തനങ്ങളിൽ സംഘടിതമായ ജലസംരക്ഷണ പ്രവർത്തനങ്ങൾ ഉൾപ്പെടുത്താവുന്നതും ജലസംരക്ഷണ പ്രത്യേക ക്യാമ്പുകൾ സ്കൂൾ തലത്തിലും, തദ്ദേശഭരണ സ്ഥാപനതലത്തിലും സംഘടിപ്പിക്കാവുന്നതാണ്.

**14. വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ**

ജലം പരിസ്ഥിതി സംരക്ഷണവുമായി ബന്ധപ്പെട്ട വിവരങ്ങൾ സ്കൂളിലും പരിസരങ്ങളിലും വ്യാപിപ്പിക്കുന്നതിനുതകുന്ന വിവിധ തരത്തിലുള്ള പ്രചാരണ പരിപാടികളും മാധ്യമങ്ങളും, സന്ദേശയാത്രകളും തദ്ദേശഭരണ സ്ഥാപനങ്ങളുടെയും സന്നദ്ധ സംഘടനകളുടെയും സഹകരണത്തോടെ നടപ്പിലാക്കാവുന്നതാണ്.

## 5. ധനലഭ്യത

ബ്ലൂ ആർമിയുടെ പ്രവർത്തനങ്ങളുടെ ഏകോപനം ജില്ലാ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ നടപ്പിലാക്കേണ്ടതാണ്. ബ്ലൂ ആർമി പ്രവർത്തനങ്ങൾക്കാവശ്യമായ പണം കണ്ടെത്തുന്നതിനായി താഴെ പറയുന്ന വിഭാഗങ്ങളിൽ നിന്നും ധനസഹായം ലഭ്യമാക്കാവുന്നതാണ്.

1. അദ്ധ്യാപക രക്ഷാകർത്തൃ സംഘടനാ ഫണ്ട്
2. പൂർവ്വ വിദ്യാർത്ഥി സംഘടനാ ഫണ്ട്.
3. ശുചിത്വ മിഷൻ/വാർഡുതല ശുചിത്വ പോഷണ സമിതി പ്രവർത്തനങ്ങൾക്കുള്ള തുക
4. തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്നും പ്ലാൻ ഫണ്ടും തനതു ഫണ്ടും (ജില്ല - ബ്ലോക്ക് - ഗ്രാമപഞ്ചായത്ത് - മുനിസിപ്പാലിറ്റി - കോർപ്പറേഷൻ)
5. സന്നദ്ധ സേവനം/സംഭാവനകൾ
6. സ്പോൺസർഷിപ്പുകൾ
7. സ്ഥാപനത്തിന് ലഭ്യമാകുന്ന അവാർഡ്/റിവാർഡ് തുകകൾ.
8. സി.എസ്.ആർ ഫണ്ട്

## 6. സംയോജന വകുപ്പുകളും പദ്ധതികളും

ബ്ലൂ ആർമിയുടെ ജലസംരക്ഷണ പരിസ്ഥിതി പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ആരോഗ്യവകുപ്പ്, ശുചിത്വ മിഷൻ, സാക്ഷരത മിഷൻ, കുടുംബശ്രീ മിഷൻ, മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി, കേരള വാട്ടർ അതോറിറ്റി, ജലനിധി, മഴപ്പൊലിമ, മണ്ണുസംരക്ഷണ വകുപ്പ്, വനം വകുപ്പ്, ജലസേചന വകുപ്പ്, ഭൂജല വകുപ്പ്, നബാർഡ്, സോഷ്യോ ഇക്കണോമിക് യൂണിറ്റ്, പബ്ലിക് റിലേഷൻസ് വകുപ്പ്, ഹരിതകേരളം മിഷൻ എന്നിവയുടെ പ്രവർത്തനങ്ങളും വിഭവങ്ങളും സംയോജിപ്പിക്കാവുന്നതാണ്.

## 7. പുരസ്കാരങ്ങൾ

ബ്ലൂ ആർമിയുടെ പ്രവർത്തന മികവിന് അംഗീകാരം നൽകുക എന്ന ലക്ഷ്യത്തോടെ ജില്ലാ ആസൂത്രണ സമിതി മികച്ച പ്രവർത്തനങ്ങൾ കാഴ്ച വെയ്ക്കുന്നവർക്ക് പരുസ്കാരം നൽകുന്നതാണ്.

1. സ്കൂളിലും പരിസരത്തും മാതൃകാപരമായ മികച്ച് ജലസംരക്ഷണ പരിസ്ഥിതി പ്രവർത്തനങ്ങൾ കാഴ്ചവെച്ച സ്കൂളുകൾ/കോളേജുകൾ
2. മികച്ച പ്രവർത്തനം കാഴ്ചവെച്ച സ്കൂൾ ടീച്ചർ കോർഡിനേറ്റർ
3. മികച്ച പ്രവർത്തനം കാഴ്ചവെച്ച എറ്റവും നല്ല വിദ്യാർത്ഥി കോർഡിനേറ്റർ
4. മികച്ച പ്രവർത്തനം കാഴ്ചവെച്ച ഏറ്റവും നല്ല ബ്ലൂ ആർമി കേഡറ്റ്
5. എറ്റവും നല്ല ഡോക്യുമെന്റേഷൻ (റിപ്പോർട്ട്, ലഘുലേഖ, ഡോക്യുമെന്ററി മുതലായവ)

ജില്ലയിൽ ജില്ലാ പദ്ധതിയുടെ ഭാഗമായി, ജില്ലാ ആസൂത്രണ സമിതിയുടെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന 'ജലരക്ഷ ജീവരക്ഷ'യുടെ ഭാഗമായുള്ള ബ്ലൂ ആർമി രൂപീകരണ പ്രവർത്തനങ്ങൾ ജൂലായ് 15 നകം പൂർത്തീകരിച്ച് ജൂലായ് അവസാനത്തോടുകൂടി പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുവേണ്ട നടപടികൾ ജില്ലാ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറുടെ നേതൃത്വത്തിൽ പൂർത്തീകരിക്കേണ്ടതുണ്ട്. ഡെപ്യൂട്ടി ഡയറക്ടർ, കോളേജിയേറ്റ് വിദ്യാഭ്യാസം, വി.എച്ച്.എസ്.സി. എച്ച്.എസ്.എസ് ജില്ലാതല ഉദ്യോഗസ്ഥർ, നവോദയ പ്രിൻസിപ്പൽ, കേന്ദ്രീയവിദ്യാലയം പ്രിൻസിപ്പാൽ, എൻ.സി.സി, എൻ.എസ്.എസ്. സ്കൗട്ട് & ഗൈഡ്, എസ്.പി.സി ജില്ലാ കോർഡിനേറ്റർമാർ, സഹോദയ പ്രതിനിധികൾ എന്നിവരുടെ കൂട്ടായ സഹകരണവും, സഹായവും രൂപീകരണത്തിലും പ്രവർത്തനത്തിലും, വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർക്ക് നൽകേണ്ടതുണ് അപ്രകാരം ജില്ലയിലെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ബ്ലൂ ആർമി പ്രവർത്തന സജ്ജമാക്കാവുന്നതാണ്.

□□□□□□□□